സീറ്റുണ്ട്. പോളിടെക്നിക്കുകളുണ്ട്. ഐ.ടി.സി.യുണ്ട്, മറ്റ് പാരാ മെഡിക്കൽ കോഴ്സുകളുണ്ട്. ഇതെല്ലാം കൂടി നോക്കുമ്പോൾ ഈ സംസ്ഥാനത്ത് പഠന സൗകര്യങ്ങൾ ഏറ്റവും കൂടുതൽ വർദ്ധിപ്പിച്ച ഒരു ഗവൺമെന്റായിരിക്കും ഇത്. അതുപോലെ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പഞ്ചായത്തുകൾ, വേടം പഞ്ചായത്ത്, ചെറുകാവ് പഞ്ചായത്ത്. ഇത്തരം പഞ്ചായത്തുകളെ പ്രത്യേകമായി പരിശോധിക്കുന്നതാണ്. ഇനി സ്കൂളുകൾ കൊടുക്കുമ്പോൾ അതിന് മുൻഗണന കൊടുക്കുന്നതാണ്. അതുകൊണ്ട് ഡീലിങ്കിംഗ് പരിപൂർണ്ണമാക്കിയതിനുശേഷം പരിഗണിക്കാം. പുത്തൻ സമീപനരേഖയെപ്പറ്റി അങ്ങ് പറഞ്ഞു. തെറ്റാണെന്നു ബോദ്ധ്യപ്പെട്ടത് ഗവൺമെന്റ് തിരുത്തി. ഈ ഗവൺമെന്റിന് യാതൊരു ഫാൾസ് പ്രസ്റ്റീജും ഇല്ല. തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ അപ്പോൾ അതു തിരുത്തും. പ്രതിപക്ഷത്തുനിന്നും ഉന്നയിച്ചാലും ശരി, അതു തിരുത്തും. അത് തിരുത്തി പ്രസിദ്ധീകരിച്ചിരിക്കുന്നു. ഏതായാലും ബഹുമാനപ്പെട്ട പി.കെ.കെ ബാവ പറഞ്ഞ അടിസ്ഥാനപരമായ കാര്യം ഞാൻ അംഗീകരിക്കുന്നു. കഴിഞ്ഞ 1980-നു ശേഷം സ്കൂളുകൾ അനുവദിക്കാത്ത ഒരു സമീപനം ഉണ്ടായിരുന്നു. 1991-ൽ വന്ന ഗവൺമെന്റിന്റെ കാലത്തും അനുവദിച്ചിട്ടില്ല. വളരെ തെറ്റായ ഒരു കാര്യമല്ലേ? കഴിഞ്ഞ ഗവൺമെന്റുകൾ ഒരൊറ്റ സ്കൂളുകൾപോലും അനുവദിച്ചിട്ടില്ല എന്ന് ഒരു ആക്ഷേപം ഉന്നയിച്ചിരിക്കുകയാണ്. അതിന് കാരണങ്ങൾ ഉണ്ടാകും. ഏതു ഗവൺമെന്റിനും, കാര്യങ്ങൾ ചെയ്തില്ലെങ്കിൽ ചെയ്യാത്തതിന് അതിന്റേതായ കാരണങ്ങൾ ഉണ്ടാകും. ഈ ഗവൺമെന്റ് ഇപ്പോൾ അനുവദിക്കാതിരിക്കുന്നതിനു കാരണം പ്ലസ് ടു വിന് ആണ് മുൻഗണന. അതു കഴിയുമ്പോൾ പ്രത്യേകമായി പരിഗണിക്കുന്നതാണ്. അദ്ദേഹം ഉന്നയിച്ച ഈ പ്രത്യേക സ്ഥലങ്ങളെപ്പറ്റിയും പ്രത്യേകം പരിഗണിക്കുന്നതാണ്.

മി. ഡെ. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം വളരെ നന്നായി. പക്ഷേ ചില പിന്നോക്ക പ്രദേശങ്ങളിൽ എൽ.പി. സ്കൂളും യു.പി. സ്കൂളും ആവശ്യമാണ്. അവിടെ കുട്ടികളും നാട്ടുകാരും വളരെ ബുദ്ധിമുട്ടുന്നുണ്ട്. അത് അങ്ങേയ്ക്ക് അറിയാം. അത് പരിഗണിച്ചാൽ തരക്കേടില്ല.

ശ്രീ. പി.ജെ. ജോസഫ് : ബഹുമാനപ്പെട്ട മെമ്പർക്കുപകരം ബഹുമാനപ്പെട്ട ഡെ. സ്പീക്കറാണ് ചോദ്യം ചോദിച്ചിരിക്കുന്നത്. അതുകൊണ്ട് ആ ഡീലിങ്കിംഗ് പൂർത്തിയാക്കിയാൽ .....

ശ്രീ പി.കെ.കെ. ബാവ : സർ, സമഗ്രമായ ഒരു സർവ്വേയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും, എൽ.പി., യു.പി., ഹൈസ്കൂളുകൾ ആവശ്യമായ സ്ഥലങ്ങളിലൊക്കെ അത് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : ഞാൻ ഇതിനോട് യോജിക്കുന്നു. സർവ്വേയുടെ അടിസ്ഥാനത്തിൽ ഒന്നല്ല, അതിൽക്കൂടുതൽ ആവശ്യമുണ്ടെന്നു കണ്ടാൽ ഈ ഗവൺമെന്റ് അനുവദിക്കുന്നതാണ്. അതേസമയം ഇന്ന് അനധികൃതമായി നടക്കുന്ന കുറേ സ്കൂളുകൾ പൂട്ടിക്കുകയും ചെയ്യണം.

(2) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ

ശ്രീ. പിരപ്പൻകോട് മുരളി : സർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ രംഗത്തെ ഗൗരവമുള്ള ചില പ്രശ്നങ്ങൾ ഈ സഭയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ശ്രമിക്കുന്നത്. 1982-83 വർഷമാണ് കേന്ദ്ര സഹായത്തോടെ കേരളത്തിൽ വൊക്കേഷണൽ ഹയർ

LIBRARY ARCHIVES Kerala Legislative Assembly

സെക്കണ്ടറി കോഴ്സ് ആരംഭിച്ചത്. വിദ്യാഭ്യാസരംഗത്തെ തൊഴിലുമായി ബന്ധപ്പെടുത്തണമെന്ന കാഴ്ചപ്പാടിന്റെ ഫലമായിട്ടാണ് ഈ വിദ്യാഭ്യാസ പദ്ധതി രൂപപ്പെട്ടത്. ആധുനിക സമൂഹത്തിനാവശ്യമായ തൊഴിലുകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വിദഗ്ധ തൊഴിലാളികളെ സൃഷ്ടിക്കുക എന്നതാണ് ഈ കോഴ്സുകളുടെ ആത്യന്തിക ലക്ഷ്യമായി കരുതപ്പെടുന്നത്. കുട്ടികൾക്കോ സമൂഹത്തിനോ പ്രയോജനം ചെയ്യുന്ന തരത്തിൽ ശാസ്ത്രീയമായ കാഴ്ചപ്പാടോടെ തയ്യാറാക്കിയ കരിക്കുലമോ പഠന പരിശീലന പദ്ധതികളോ എന്തിന്, നടത്തിപ്പിനായി സ്ഥിരം അധ്യാപകരും ജീവനക്കാരുമില്ലാത്ത രീതിയിലാണ് തുടക്കം മുതൽ ഈ കോഴ്സ് നടന്നുവരുന്നത്. 231 ഗവൺമെന്റ് സ്കൂളുകളിലും 91 എയ്ഡഡ് സ്കൂളുകളിലുമായി 20,500 വിദ്യാർത്ഥികൾ 52 കോഴ്സുകളിലായി പഠിക്കുന്നു. ഇതിൽ സർക്കാർ സ്കൂളുകളിൽ സ്ഥിരം അധ്യാപകരില്ല. ദിവസക്കൂലി അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരാണ് പഠിപ്പിക്കുന്നത്. അവരെ നിയമിക്കുന്നത് അധ്യയന വർഷത്തിന്റെ മധ്യത്തിലാണ്. ഡയറക്ടർ മുതൽ ഈ പദ്ധതിയുടെ നടത്തിപ്പുകാർ മുഴുവൻ ഡെപ്യൂട്ടേഷനിലുള്ളവരാണ്. എയ്ഡഡ് സ്കൂളുകളിൽ മാത്രമാണ് സ്ഥിരം നിയമനം നടക്കുന്നത്. ഈ പദ്ധതിപ്രകാരം പഠിക്കുന്ന വിദ്യാർത്ഥികളുടെ സ്ഥിതി ദയനീയമാണ്. സാധാരണ വിദ്യാർത്ഥികൾ ദിവസം 5 മണിക്കൂർ പഠിക്കുമ്പോൾ ഇവർ ദിവസം 7 മണിക്കൂർ പഠിക്കുന്നു. ഇങ്ങനെ പഠിക്കുന്ന വിദ്യാർത്ഥികൾ പരീക്ഷ പാസ്സായാൽ മറ്റ് സെക്കണ്ടറി, പ്രീ-ഡിഗ്രി വിദ്യാർത്ഥികളെപ്പോലെ ഡിഗ്രിക്കു പോകാമെന്നുള്ളതല്ലാതെ ഒരു പ്രയോജനവും ഇപ്പോഴില്ല. വിവിധ തൊഴിലുകളിൽ പരിശീലനം നേടിയ ഇവരുടെ സർട്ടിഫിക്കറ്റുകൾ ഒരിടത്തും അംഗീകരിക്കുന്നില്ല. കേരള പി.എസ്.സി. 12 കോഴ്സുകൾ മാത്രമാണ് അംഗീകരിച്ചതായി പറയുന്നത്. അതുപോലും സർക്കാരിന്റെ പ്രത്യേക നിർദ്ദേശങ്ങളൊന്നും ഇല്ലാത്തതിനാൽ പ്രായോഗികതലത്തിൽ എത്തിയിട്ടില്ല. ഉദാഹരണത്തിന് ഓഫീസ് സെക്രട്ടറിഷിപ്പിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി പാസ്സാകുന്ന വിദ്യാർത്ഥി ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് ആന്റ് മലയാളം ഹയർ ഷോർട്ട് ഹാൻഡ്, ഇംഗ്ലീഷ് ആന്റ് മലയാളം ഹയർ എന്നിവ ജയിക്കുന്നുണ്ട്. എന്നാൽ ഈ കുട്ടികൾക്ക് പി.എസ്.സി.യുടെ ടൈപ്പിസ്റ്റ് പരീക്ഷയെഴുതാൻ അനുവാദമില്ല. ഈ പദ്ധതിയിലുള്ള അധ്യാപകർ ദിവസക്കൂലിക്കാരാണ്. പ്രൊഫണൽ യോഗ്യത ഉള്ളവരുടെപോലും വേതനം വളരെ കുറവാണ്. സ്ഥിരം നിയമനം നടത്താനാവശ്യമായ സ്പെഷ്യൽ റൂൾസ് ഉണ്ടാക്കാനുള്ള ശ്രമങ്ങളുണ്ട്. അത് ഇതുവരെ പൂർത്തിയായിട്ടില്ല. യാതൊരു അക്കാഡമിക് മികവുമില്ലാതെ പഠിക്കുന്ന തൊഴിലുകളിലൊന്നും വിദഗ്ധപരിശീലനം ലഭിക്കാതെ തുടർവിദ്യാഭ്യാസത്തിനുള്ള സൗകര്യമൊന്നുമില്ലാതെ ഈ വിദ്യാഭ്യാസ പദ്ധതി അനാകർഷകമായിക്കൊണ്ടിരിക്കുന്നു. ഇവിടെ നടക്കുന്ന കോഴ്സുകൾ അൺ എയ്ഡഡ് രംഗത്തേയ്ക്ക് മാറ്റാൻ വിദ്യാഭ്യാസ കച്ചവടക്കാർ സമാന്തരമായി ശ്രമിക്കുന്നുണ്ട്. ഈ ഗുരുതരമായ അവസ്ഥയിൽനിന്ന് വിദ്യാഭ്യാസ പദ്ധതിയെ രക്ഷപ്പെടുത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. 10-ാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി 1997 ഏപ്രിൽ 3-ാം തീയതി വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ച് വിശദമായ റിപ്പോർട്ടുകൾ നൽകി. ആ റിപ്പോർട്ടിൽ നിർദ്ദേശിച്ച കാര്യങ്ങളൊന്നും ഇതുവരെ നടപ്പിലായിട്ടില്ല. വിദഗ്ധ തൊഴിലുകളിൽ വിദഗ്ധ പരിശീലനം നേടത്തക്കവിധത്തിൽ ഒരു ടെർമിനൽ കോഴ്സായി ഈ കോഴ്സിനെ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച് ഒരു സമഗ്ര പഠനം സമയോചിതമായി നടത്തി ഈ പഠനപദ്ധതിയുടെ പ്രവർത്തനം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. ഈ വിദ്യാഭ്യാസം പൂർത്തിയാക്കുന്നവർക്ക് അതതു രംഗങ്ങളിൽ തുടർവിദ്യാഭ്യാസത്തിനും പരിശീലനത്തിനും വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഈ കോഴ്സുകൾക്ക് പി.എസ്.സി.യുടെ അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടികൾ ഫലപ്രദമായി പൂർത്തിയാക്കണം. ഈ കോഴ്സുകളുടെ കരിക്കുലവും അധ്യയനരീതിയും ശാസ്ത്രീയമായി പരിഷ്കരിക്കുകയും പാസ്സാകുന്ന കുട്ടികൾക്ക് വിവിധ സർക്കാർ സ്വകാര്യ സംരംഭങ്ങളിൽ വിദഗ്ധ പരിശീലനം നൽകാനും തൊഴിൽ ലഭ്യമാക്കാനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

[10 A.M] വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : 1983-84-ൽ ആണ് വൊക്കേഷണൽ ഹയർ സെക്കണ്ടറി ആരംഭിച്ചത്. 322 സ്കൂളുകളിലാണ് അതിപ്പോഴുള്ളത്. 45 തൊഴിലധിഷ്ഠിത കോഴ്സുകളുണ്ട്. ഇതൊരു ടെർമിനൽ കോഴ്സായിട്ടാണ് ആരംഭിച്ചത്. ഇതോടുകൂടി അവർ എന്തെങ്കിലും തൊഴിൽ തേടി പോവുകയാണ്. എന്നാൽ 1988-ൽ ഇത് പ്രീ-ഡിഗ്രിക്ക് തുല്യമാക്കിക്കൊണ്ട് ഒരു പാഠ്യപദ്ധതിയുണ്ടാക്കി. അതിപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ടെർമിനൽ കോഴ്സ് എന്നുള്ള പ്രസക്തി ഉണ്ടാകണമെങ്കിൽ ഇത് മിനിമം ക്വാളിഫിക്കേഷനായി അംഗീകരിക്കണം. പി.എസ്.സി. 12 കോഴ്സുകൾ അങ്ങനെ അംഗീകരിച്ചിട്ടുണ്ട്. അതാതു ഡിപ്പാർട്ടുമെന്റാണ് അങ്ങനെ അംഗീകരിക്കേണ്ടത്. കൂടുതൽ ഡിപ്പാർട്ടുമെന്റുകളോട് ഇത് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കോഴ്സുകളെ സംബന്ധിച്ചും ഇതിന്റെ നടത്തിപ്പിനെ സംബന്ധിച്ചുമെല്ലാം പരാതികളുണ്ടായി. ഇ അതിന് സ്പെഷ്യൽ റൂൾസ് ഉണ്ടായിരുന്നില്ല. സ്ഥിരമായി അധ്യാപകരെ നിയമിക്കുന്നതിന് സ്പെഷ്യൽ റൂൾസ് ആവശ്യമാണ്. എനിക്ക് സന്തോഷമുള്ള ഒരു കാര്യം പറയാനുള്ളത് സ്പെഷ്യൽ റൂൾസ് ഫൈനലൈസ് ചെയ്തിരിക്കുകയാണ് എന്നതാണ്. അടുത്തവർഷം സ്ഥിരമായി അധ്യാപകരെ നിയമിക്കും. വളരെക്കാലമായി 1983 മുതൽ തീരാതെ കിടന്ന പ്രശ്നമാണത്. അതിന് തീരുമാനമായിരിക്കുന്നു. പിന്നീടിപ്പോൾ ഒന്നുരണ്ടു വർഷമായി കേന്ദ്രത്തിൽനിന്നും സഹായമില്ലെന്നുപറയുന്നു. അതിന് പല കാരണങ്ങളുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി നിലനിറുത്തണോ എന്നുള്ള ചോദ്യം ഉയർന്നുവന്നിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇപ്പോഴും പറയുന്നത് 25 ശതമാനം സ്കൂളുകളിലെങ്കിലും വൊക്കേഷണൽ ഹയർ സെക്കണ്ടറിയാക്കണമെന്നാണ്. കേരളത്തിൽ പ്ലസ് ടു വന്നപ്പോൾ ഇതിന്റെ പ്രസക്തി നഷ്ടപ്പെടുമെന്ന് പറഞ്ഞവരുണ്ട്. പക്ഷേ 20,000 സീറ്റുകളുണ്ട്. കഴിഞ്ഞവർഷം 40,000 അപേക്ഷകരുണ്ടായിരുന്നു. ചില കോഴ്സുകൾക്ക് നല്ല ഡിമാന്റാണ്. പി.എസ്.സി. അംഗീകരിച്ചിട്ടുള്ള 12 കോഴ്സുകൾക്ക് വളരെയധികം ഡിമാന്റുണ്ട്. കൂടുതൽ കോഴ്സുകൾ പി.എസ്.സി.യെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇനിയിപ്പോൾ വിവിധ സ്കൂളുകളിലായി അതായത് 323 സ്കൂളുകളിലായി 814 വിവിധ കോഴ്സുകൾ ഉണ്ട്. അത് ആയിരമാക്കാൻ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചിരിക്കുകയാണ്. 814 എന്നുള്ളത് ആയിരമാക്കാൻ പോവുകയാണ്. അതിന് കേന്ദ്ര സഹായം ലഭിക്കും. ഈ രംഗത്ത് കുറച്ചുകൂടി എക്സ്റ്റെൻഷൻ വരുത്താൻ കഴിയും. നിലവിലുള്ള സ്കൂളുകളിൽത്തന്നെ കുറച്ചുകൂടി എക്സ്റ്റെൻഷൻ വരുത്താം. അതോടൊപ്പം കൂടുതൽ സ്കൂളുകൾ അനുവദിക്കണമോ എന്ന കാര്യവും ഗൗരവമായി ആലോചിക്കാവുന്നതാണ്. ഇവിടെ ഇന്നിപ്പോൾ ആകെയുള്ള 322 സ്കൂളുകളിൽ ഏതാണ്ട് 92 അൺ എയ്ഡഡ് സ്കൂളുകളുണ്ട്. ബാക്കിയെല്ലാം ഗവൺമെന്റ് സ്കൂളുകളാണ്. ഈ കാര്യങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനും സ്ഥിരം അധ്യാപകരെ നിയമിക്കാനും കൂടുതൽ ലബോറട്ടറി സൗകര്യങ്ങളുണ്ടാക്കാനുമൊക്കെ തീരുമാനമെടുത്ത് മുന്നോട്ടു പോവുകയാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയെ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് കുട്ടികൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ കേരളത്തിന്റെ പ്രത്യേക

LIBRARY ARCHIVES Kerala Legislative Assembly

തകൾ പരിഗണിച്ച് കോഴ്സുകൾ ഡിസൈൻ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇനി ഏകദേശം 186 പുതിയ കോഴ്സുകൾ അനുവദിക്കാമെന്ന് കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചിരിക്കുകയാണ്. അതിന്റെ സാമ്പത്തിക സഹായം അവർ നൽകും. കേരളത്തിന്റെ പ്രത്യേകത പരിഗണിച്ച് റെലവന്റായിട്ടുള്ള കോഴ്സുകൾ തുടങ്ങുന്നതിന് പ്രത്യേകമായ ശ്രദ്ധ വയ്ക്കുന്നതാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ ഇതുവരെയുണ്ടായിരുന്ന പരാധീനതകൾ മാറ്റി സ്ഥിരം അധ്യാപകരെ നിയമിക്കാനും ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് ശക്തിപ്പെടുത്താനും സത്വരനടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പിരപ്പൻകോട് മുരളി : കുട്ടികളുടെ പരീക്ഷപേപ്പറിന്റെ മൂല്യ നിർണ്ണയത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; അതിന്റെ റിസൾട്ട് പറയാൻ പറ്റുമോ?

ശ്രീ. പി.ജെ. ജോസഫ് : പ്ലസ് ടു-വുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ നല്ല റിസൾട്ടുതന്നെയാണ് ലഭിക്കുന്നത്, തൃപ്തികരമായ റിസൾട്ടാണ്. താരതമ്യേന മാർക്ക് കുറഞ്ഞ കുട്ടികളാണ് ഇവിടെ വരുന്നത്. കൂടുതൽ സമയം അവർ പഠിക്കുന്നുണ്ട്. അധ്യയന സമയം കൂടുതൽ വിനിയോഗിക്കുന്നുണ്ട്. അതുകൊണ്ട് റിസൾട്ട് താരതമ്യേന മെച്ചമായിട്ടുണ്ടെന്ന് പറയാൻ കഴിയും.

V. അറിയിപ്പ്

സഹസ്രാബ്ദ സന്ദേശം

മി. സ്പീക്കർ : കേരള നിയമസഭയുടെ ഈ നൂറ്റാണ്ടിലേയും ഈ സഹസ്രാബ്ദത്തിലേയും അവസാന ദിന സമ്മേളനമാണ് ഇന്ന് നടക്കുന്നത്. നിയമസഭയുടെ അടുത്ത സമ്മളനം അടുത്ത നൂറ്റാണ്ടിലും അടുത്ത സഹസ്രാബ്ദത്തിലുമായിരിക്കും നടക്കുക. ആ നിലയ്ക്ക് ഇന്നത്തെ സമ്മേളനത്തിന് ചരിത്രപരമായ പ്രാധാന്യം പത്താം കേരള നിയമസഭയ്ക്ക് അവകാശപ്പെട്ടതാണ്.

നൂറ്റിപതിനൊന്നു വർഷത്തെ നിയമനിർമ്മാണ പ്രവർത്തനങ്ങളിലൂടെ തിളക്കമാർന്നതും അഭിമാനകരവുമായ മഹനീയ പാരമ്പര്യമാണ് കേരള നിയമസഭയ്ക്കുള്ളത്. നാമനിർദ്ദേശം ചെയ്യപ്പെട്ട എട്ടംഗങ്ങളോടെ 1888-ൽ നിലവിൽവന്ന തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലാണ് ഇന്നത്തെ കേരള നിയമസഭയുടെ ആദ്യരൂപം. 1888-ന് ശേഷം നടപ്പിൽ വരുത്തിയ ഓരോ പരിഷ്ക്കാരവും ഭരണത്തിൽ ജനപങ്കാളിത്തം എന്ന ആശയത്തിന് തത്വത്തിലും പ്രയോഗത്തിലും ഗുണപരമായ മാനം നൽകിപ്പോന്നു. ലെജിസ്ലേറ്റീവ് കൗൺസിലിന്റെ സംഖ്യാബലത്തിലും അനൗദ്യോഗികാംഗങ്ങളുടെ എണ്ണത്തിലും വന്ന വർദ്ധന, അംഗങ്ങൾക്ക് കൂടുതൽ അഭിപ്രായ സ്വാതന്ത്ര്യം അനുവദിച്ചത്, വ്യവസ്ഥകളോടെയെങ്കിലും വോട്ടവകാശം ലഭ്യമാക്കിയതും പിന്നീട് പ്രായപൂർത്തി വോട്ടവകാശം അംഗീകരിക്കപ്പെട്ടതും ബഡ്ജറ്റ് ചർച്ച ചെയ്യാനും വോട്ടു ചെയ്യാനുമുള്ള അവകാശം നൽകപ്പെട്ടത്, നിയമനിർമ്മാണ സഭയ്ക്ക് കൂടുതൽ അധികാരങ്ങളും പദവിയും കൈവരുത്തിയത്-ഇങ്ങനെ നിരവധിയാണ് നിയമനിർമ്മാണ സഭകളുടെ വികാസ ഘട്ടങ്ങൾ. 1957-ലെ പൊതു തെരഞ്ഞെടുപ്പിനെത്തുടർന്ന് നിലവിൽവന്ന ഒന്നാം കേരള നിയമസഭ, ജനാധിപത്യ ചരിത്രത്തിലെ നാഴികക്കല്ലാണ്, എല്ലാ അർത്ഥത്തിലും പഴയതിൽ നിന്നുള്ള കുതിച്ചുചാട്ടമാണ്. ഈ മാറ്റങ്ങളുടെയെല്ലാം അടിസ്ഥാനം ജനകീയ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് കാലാകാലങ്ങളിൽ നടന്ന ജനകീ

LIBRARY ARCHIVES Kerala Legislative Assembly